# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 16.09.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

2. പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ചുള്ള അടിയന്തരപ്രമേയത്തിന്മേൽ കേരള നിയമസഭയിൽ ചർച്ചയാരംഭിച്ചു.

3. സംസ്ഥാനത്ത് സമഗ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന് മുന്നോടിയായായുള്ള സി ഇ ഒ @ ഉന്നതി പദ്ധതിക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ  രത്തൻ യു ഖേൽക്കർ തുടക്കം കുറിക്കും.

4. രാജ്യത്ത് പിഴ കൂടാതെ ആദായ നികുതി റിട്ടേൺ സമർപ്പിക്കാനുള്ള സമയപരിധി ഇന്നത്തേയ്ക്ക്കൂടി നീട്ടി.

5. ശാസ്ത്രീയ കണ്ടെത്തലുകളിൽ നിന്ന് ആഗോള പ്രവർത്തനങ്ങളിലേക്ക് എന്ന പ്രമേയവുമായി ഇന്ന് ലോക ഓസോൺ ദിനം ആചരിക്കുന്നു.

6. **FIDE** വനിതാ ഗ്രാൻഡ് സ്വിസ് കിരീടം നേടിയ വൈശാലി രമേശ്ബാബുവിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

*****************************

PNU TVPM

## അമിത് ഷാ -- ടാസ്ക് ഫോഴ്സ്

സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. രണ്ട് ദിവസത്തെ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും. ലഹരിമരുന്ന് മുക്ത ഇന്ത്യ സാധ്യമാക്കുന്നതിനായുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. ലഹരി മരുന്നിനെതിരായ പോരാട്ടത്തിൽ വിവിധ സംസ്ഥാനങ്ങളും സർക്കാർ ഏജൻസികളും കൈവരിച്ച പുരോഗതി സമ്മേളനം അവലോകനം ചെയ്യും.

*****************************

## നിയമസഭയിൽ ഇന്ന് (ഇൻട്രോ)

പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ചുള്ള അടിയന്തരപ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ചയാരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

**(വോയിസ്)**

*****************************

## നിയമസഭ - പുരോഗമിക്കുന്നു

ചർച്ച ഇപ്പോൾ പുരോഗമിക്കുകയാണ്. അടിയന്തിര പ്രമേയത്തെ എതിർത്ത് ഇ.ചന്ദ്രശേഖരൻ എം എൽ എ ആണ് ഇപ്പോൾ സംസാരിക്കുന്നത്.

*****************************

RNU TVPM

## കെ ഫോൺ - മുഖ്യമന്ത്രി (ഇൻട്രോ)

കെ ഫോൺ വഴി അടുത്ത വർഷത്തോടെ രണ്ടര ലക്ഷം ഇന്റർനെറ്റ് കണക്ഷനുകൾ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെ ഫോൺ സേവനമാരംഭിച്ച് കുറഞ്ഞ കാലയളവിൽ ഒരുലക്ഷം കണക്ഷനും രാജ്യത്തെവിടെയും ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള ലൈസൻസും എന്ന അഭിമാനനേട്ടം കൈവരിച്ചതായി നിയമസഭയിൽ ചോദ്യങ്ങൾക്കു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്)

*****************************

## മുണ്ടക്കൈ - മുഖ്യമന്ത്രി

RNU TVPM

മുണ്ടക്കൈ - ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനുള്ള ടൌൺഷിപ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി സഭയെ അറിയിച്ചു. ടൌൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വയനാട് ജില്ലാ കളക്ടർ ചെയർപേഴ്സണായ കോ ഓർഡിനേഷൻ കമ്മിറ്റിയാണ് ഏകോപിപ്പിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

*****************************

## സി ഇ ഒ @ ഉന്നതി

സംസ്ഥാനത്ത് സമഗ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന് മുന്നോടിയായായുള്ള സി ഇ ഒ @ ഉന്നതി പദ്ധതിക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ തുടക്കം കുറിക്കും. എസ്.ഐ.ആർ ആരംഭിക്കുന്നതിനു മുന്നോടിയായുള്ള ബോധവത്കരണത്തിന്റെ ഭാഗമായി അഗളി ഐ. എച്ച്.ആർ ഡി കോളേജിലെ ഇലക്റ്ററൽ ലിറ്ററസി ക്ലബ്ബിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിച്ചു. സുതാര്യമായ വോട്ടർ

പട്ടിക തയ്യാറാക്കുക എന്നതാണ് ഐ. എസ്.ആർ -ലൂടെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

*****************************

## ഓസോൺ ദിനം

ഇന്ന് ലോക ഓസോൺ ദിനം.ശാസ്ത്രീയ കണ്ടെത്തലുകളിൽ നിന്ന് ആഗോള പ്രവർത്തനങ്ങളിലേക്ക് എന്നതാണ് ഈ വർഷത്തെ ഓസോൺ ദിന പ്രമേയം.ഭൂമിയെ സൂര്യനിൽ നിന്നുള്ള ഹാനികരമായ അൾട്രാവയലറ്റ് കിരണങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന ഓസോൺ പാളിയെക്കുറിച്ചും അതിന്റെ സംരക്ഷ ണത്തെക്കുറിച്ചുമുള്ള അവബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോക ഓസോൺ ദിനം ആചരിക്കുന്നത്. 1987 ൽ ഒപ്പുവച്ച മോൺട്രിയാൽ പ്രോട്ടോക്കോളിന്റെ സ്മരണാർത്ഥം 1994 മുതലാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ദിനാചരണം ആരംഭിച്ചത്.

RNU TVPM

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

*****************************

## ആദായ നികുതി റിട്ടേണുകൾ

രാജ്യത്ത് പിഴ കൂടാതെ ആദായ നികുതി റിട്ടേൺ സമർപ്പിക്കാനുള്ള സമപരിധി ഒരു ദിവസത്തേക്ക് കൂടി നീട്ടി. ഇന്നു കൂടി റിട്ടേൺ സമർപ്പിക്കാവുന്നതാണെന്ന് ആദായ നികുതി വകുപ്പ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

നികുതിദായകരെ സഹായിക്കാനായി 24 മണിക്കൂറും ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.

*******************************

## സേവ പർവ് (ഇൻട്രോ)

സേവനവും സദ്ഭരണവും മുഖമുദ്രയാക്കി മുന്നോട്ടു പോവുകയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ. ശുദ്ധവും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ ഉത്പാദനത്തിൽ രാജ്യത്ത് സംഭവിക്കുന്ന അഭൂതപൂർവ്വമായ പരിവർത്തനമാണ് ഇന്നത്തെ സേവാ പർവ്വിലൂടെ വിശദമാക്കുന്നത്.

(ഹോൾഡ് മ്യൂസിക്)

RNU TVPM

കാർബൺ ബഹിർഗമനം കുറയ്ക്കുക, പരിസ്ഥിതി സൗഹൃദ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഊർജ്ജ ലഭ്യത മെച്ചപ്പെടുത്തുക, ആഗോള കാലാവസ്ഥാ പ്രവർത്തനങ്ങളിലെ ഇന്ത്യയുടെ പങ്ക് ശക്തിപ്പെടുത്തുക എന്നിവയാണ് ശുദ്ധമായ ഊർജ്ജോത്പാദനത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

(പി എം വോയിസ്)

2014 മാർച്ച് മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ രാജ്യത്തെ, പുനരുപയോഗ ഊർജ്ജ ശേഷി ഏകദേശം മൂന്നിരട്ടി വർദ്ധിച്ച് 226.8 ജിഗാവാട്ടായി. നിലവിൽ, പുനരുപയോഗ ഊർജ്ജവും ആണവോർജ്ജവും ഉൾപ്പെടെയുള്ള ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകൾ ഇന്ത്യയുടെ മൊത്തം ഊർജ്ജ ശേഷിയുടെ 49 ശതമാനവും സംഭാവന ചെയ്യുന്നു. സൗരോർജ്ജ ഉത്പാദനം ഒരു ലക്ഷത്തി എണ്ണായിരം ജിഗാവാട്ട് ഔവർ ആയി ഉയർന്നതോടെ ലോകത്തിലെ മൂന്നാമത്തെ വലിയ സൗരോർജ്ജ ഉത്പാദക രാജ്യമായി ഇന്ത്യ മാറി. PM-KUSUM

പദ്ധതി സോളാർ പമ്പുകളിലൂടെ കർഷകരെ ശാക്തീകരിക്കുന്നു. ഒരു കോടി വീടുകളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സൗജന്യ വൈദ്യുതി ലഭ്യമാക്കാൻ ലക്ഷ്യമായിട്ടുള്ള പിഎം-സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

(ഹോൾഡ് മ്യൂസിക്)

***************************

## സേവാ പർവ്വ്

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 3.30 ന് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ചുള്ള ചർച്ചകളിൽ ഇന്ന് നാരി ശക്തി വന്ദൻ അധിനിയത്തെ കുറിച്ച് ദേശീയ വനിത കമ്മീഷൻ ഉപദേശകസമിതി അംഗം അഡ്വക്കേറ്റ് ജി. അഞ്ജന ദേവി സംസാരിക്കുന്നു.

RNU TVPM

***************************

## പച്ചത്തുരുത്ത് പുരസ്കാരം

മുഖ്യമന്ത്രിയുടെ പച്ചത്തുരുത്ത് പുരസ്കാര വിതരണം ഇന്ന് തിരുവനന്തപുരത്ത് നടക്കും. വൈകുന്നേരം 6 മണിക്ക് വഴുതക്കാട് ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാര ദാന ചടങ്ങ് ഉദ്ഘാടനം ചെയ്യും.പുരസ്കാരം നേടിയ മികച്ച പച്ചത്തുരുത്തുകളുടെ അവതരണം ടാഗോർ തീയറ്ററിൽ ആരംഭിച്ചു.

***************************

## തീവ്രയജ്ഞ പരിപാടി-കണ്ണൂർ

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും വനംവകുപ്പ് റേഞ്ച് ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. വനംവകുപ്പിന്റെ സേവനങ്ങളെക്കുറിച്ചുള്ള പരാതികളും സംഘർഷം ലഘൂകരിക്കുന്നതിനുള്ള നിർദേശങ്ങളും ഇതിലൂടെ സമർപ്പിക്കാനാവും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

**(വോയ്സ്)**

***************************

## ഫൈബർ റിഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് - കോഴ്സ്

RNU TVPM

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് വട്ടിയൂർകാവ് പോളി ടെക്നിക് കോളേജിൽ ഈ വർഷത്തെ ഫൈബർ റിഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് പ്രോസസ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ സർക്കാർ സംവിധാനത്തിനുകീഴിലുള്ള ഏക ഒരു വർഷ എഫ്.ആർ.പി കോഴ്സാണിത്. ഈ മാസം 26 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. 20 പേർക്ക് മാത്രമായിരിക്കും പ്രവേശനം.

***************************

## അവയവദാനം -പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലയിലെ ആദ്യ അവയവദാനത്തിന് 30 ആണ്ടിന്റെ ചരിത്രം. പത്തനംതിട്ട സ്വദേശി ചിറ്റാർ ശ്രീധരൻ വൈദ്യരുടെ

കണ്ണുകളാണ് രണ്ടു പേർക്ക് കാഴ്ചയും ജീവിതവും പകർന്നുനൽകിയത് .

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയ്സ്)**

*****************************

## വനിതാ ഗ്രാൻഡ് സ്വിസ് കിരീടം

2025 ലെ FIDE വനിതാ ഗ്രാൻഡ് സ്വിസ് കിരീടം നേടിയ വൈശാലി രമേശ്ബാബുവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ചെസ്സിനോടുള്ള വൈശാലിയുടെ അഭിനിവേശവും സമർപ്പണവും മാതൃകാപരമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ദിവ്യ ദേശ്മുഖിനും കൊനേരു ഹംപിക്കും ശേഷം 2026 ലെ FIDE വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിലേക്ക് യോഗ്യത നേടുന്ന മൂന്നാമത്തെ ഇന്ത്യൻ വനിതയായി വൈശാലി മാറി.

*****************************

## വനിതാ ക്ലിനിക്കുകൾ

രാജ്യത്ത് ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രത്യേക വനിതാ ക്ലിനിക്കുകൾ ആരംഭിക്കാനൊരുങ്ങി കേരളം. ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പള്ളിത്തുറ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഇന്ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാനത്തെ 5,415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും. എല്ലാ ചൊവ്വാഴ്ചയും പ്രവർത്തിക്കുന്ന ക്ലിനിക്കിലൂടെ വിളർച്ച, രക്താതിമർദ്ദം, പ്രമേഹം, കാൻസർ സ്ക്രീനിങ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ എന്നിവ നടക്കും.

*******************************************************************************

RNU TVPM